പഞ്ചായത്തു് തിരഞ്ഞെടുപ്പു്.

* 334. [22] ശ്രീ. പി. കെ. അബ്ദുൽ കാതർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേക്കായി സർക്കാരിനു് എത്ര സംഖ്യ ചെലവു വന്നു;

(ബി) എത്ര സ്ഥാനാർത്ഥികളുടെ കെട്ടിവച്ച സംഖ്യ നഷ്ടപ്പെട്ടിട്ടുണ്ടു്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

മിസ്റ്റർ സ്പീക്കർ: 'ബി,ക്കു മാത്രം ഉത്തരം പറഞ്ഞാൽ മതി.

ശ്രീ. കെ. എ. ദാമോദരമേനോൻ :

(ബി) 2173 പേർക്കു്.

ശ്രീ. പി. കെ. അബ്ദുൽകാതർ: ഡിഫൻസു് ഫണ്ടിലേയ്ക്കു്, ജയിച്ചു വന്ന പഞ്ചായത്തു പ്രസിഡൻറന്മാർ വല്ല സംഖ്യയും സംഭാവന ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ചില പഞ്ചായത്തു മെമ്പറന്മാർ അവർ കെട്ടിവച്ച പണം അങ്ങനെ സംഭാവന നൽകിയതായി വിവരം കിട്ടിയിട്ടുണ്ടു്. എത്രപേരാണെന്നു കൃത്യമായി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സ്കോളർഷിപ്പു് ലോൺ നൽകുന്നതിനുള്ള സ്കീം

* 335. [23] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്ഗ്രാഡുവേറ്റുകൾക്കു് സ്കോളർഷിപ്പു് ലോൺ നൽകുന്ന സ്കീമനുസരിച്ചു് എത്രപേർക്കു് ലോൺ അനുവദിച്ചു;

(ബി) ഈ വർഷം എത്രപേർക്കു് സ്കോളർഷിപ്പു നൽകാനാണു് ഉദ്ദേശിച്ചിരുന്നതു്;

(സി) സ്കോളർഷിപ്പു് നിശ്ചയിച്ചതു് ആരാണു്;

(ഡി) എത്ര മാനദണ്ഡത്തിലാണു് ഇതു നൽകിയതു്?

മിസ്റ്റർ സ്പീക്കർ: ബിയ്ക്കും സിക്കും മാത്രം ഉത്തരം പറഞ്ഞാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ('ബി) നാഷണൽ ലോൺ സ്കോളർഷിപ്പു അനുസരിച്ചു 798 പേർക്കു നൽകാനാണു് നിശ്ചയിച്ചിരുന്നതു്.

(സി) ''സ്റ്റേറ്റു അഡ്വൈസറി ബോർഡു് ഫോർ നാഷണൽ ലോൺ സ്കോളർഷിപ്പു്'', ആണു് നിശ്ചയിക്കുന്നതു്. 'മെരിറ്റു കം മീൻസു്' അനുസരിച്ചാണു് നൽകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly